**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2348** **30-09-2025 - ൽ മറുപടിയ്ക്ക്**

**അരുവിക്കര മണ്ഡലത്തിൽ ഭക്ഷ്യപൊതു വിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭക്ഷ്യപൊതു വിതരണ വകുപ്പ് മുഖേന അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും ഇപ്പോഴത്തെ സ്ഥിതിയും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ? | (എ) | 1965 മുതൽ സാർവ്വത്രികമായ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് നിലനിന്ന കേരളത്തിൽ NFSA നിയമം നടപ്പാക്കപ്പെട്ടതോടെ ആകെ ജനസംഖ്യയുടെ 57% ജനങ്ങളും റേഷൻ കവറേജിന് പുറത്തായി. എന്നാൽ കേരള സർക്കാർ ഈ മുൻഗണനേതര വിഭാഗത്തിന് ലഭ്യമാക്കുന്ന പരിമിതമായ ടൈഡ് ഓവർ വിഹിതത്തിൽ നിന്ന് ഭക്ഷ്യധാന്യം നൽകിവരുന്നു. മുൻഗണനേതര വിഭാഗത്തിലെ നീല (Non Priority subsidy) കാർഡിൽ ഗുണഭോക്താക്കൾക്ക് കേന്ദ്രസർക്കാരിൽ നിന്നും കിലോഗ്രാമിന് 8.30 രൂപ നിരക്കിൽ ലഭിക്കുന്ന അരി 4 രൂപ നിരക്കിൽ പ്രതിമാസം ആളൊന്നിന് 2 കിലോഗ്രാം വീതവും, വെള്ള (Non Priority non-subsidy) കാർഡിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യതയ്ക്കനുസരിച്ചും വിതരണം ചെയ്യുന്നു.<br><br>നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര നിയോജക മണ്ഡലത്തിൽ, കാട്ടാക്കട താലൂക്കിന്റെ പരിധിയിൽ, പൂവച്ചൽ ഗ്രാമ പഞ്ചായത്തിൽ സർക്കാരിന്റെ "വിശപ്പ രഹിത കേരളം പദ്ധതി"യുടെ ഭാഗമായി ഒരു സുഭിക്ഷ ഹോട്ടൽ 2025 ജനുവരിയിൽ ആരംഭിച്ചിട്ടുണ്ട്. ടി സുഭിക്ഷ ഹോട്ടൽ തുടങ്ങുന്നതിനായി 1,76,417/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ജനുവരി 2025 മുതൽ മെയ് 2025 വരെ ടി ഹോട്ടൽ മുഖേന വിതരണം ചെയ്ത ഉച്ചഭക്ഷണത്തിന്റെ സബ്സിഡി ഇനത്തിൽ 87,445/- രൂപയും നാളിതുവരെയായിട്ട് അനുവദിച്ചു നൽകിയിട്ടുണ്ട്. നിലവിൽ ടി ഹോട്ടൽ പരാതി രഹിതമായി പ്രവർത്തിച്ചു വരുന്നു.<br><br><u>1 ) കെ-സ്റ്റോർ -</u><br><br>റേഷൻകട വൈവിധ്യവത്കരണത്തിന്റെ ഭാഗമായി, സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ |

| | | | |
|---|---|---|---|
| | | | ശക്തിപ്പെടുത്തുന്നതിനും റേഷൻ കടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻ ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായാണ് കെ-സ്റ്റോർ എന്ന പദ്ധതി ആരംഭിച്ചിട്ടുള്ളത്. നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ സപ്ലൈക്കോയുടെ ശബരി ഉത്പന്നങ്ങൾ, മിൽമ ഉത്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ (MSME) ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ സ്റ്റോറുകളിൽ ലഭ്യമാണ്. യൂട്ടിലിറ്റി ബിൽ പേയ്മെന്റ്, ടിക്കറ്റ് ബുക്കിംഗ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്. അരുവിക്കര നിയോജക മണ്ഡലത്തിൽ നിലവിൽ 13 റേഷൻ ഷോപ്പുകൾ (കാട്ടാക്കട താലൂക്കിന്റെ പരിധിയിൽ 4 എണ്ണം, നെടുമങ്ങാട് താലൂക്കിൻറെ പരിധിയിൽ 9 എണ്ണം) "കെ സ്റ്റോറുകളായി" പരിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.<br><br><u>2 ) സുജലം പദ്ധതി</u><br><br>അരുവിക്കര നിയോജക മണ്ഡലത്തിലെ റേഷൻ ഷോപ്പുകളിൽ "സുജലം പദ്ധതി"യും നടപ്പിലാക്കിയിട്ടുണ്ട്. (കാട്ടാക്കട താലൂക്കിന്റെ പരിധിയിൽ 19 റേഷൻ ഷോപ്പുകളിലും, നെടുമങ്ങാട് താലൂക്കിന്റെ പരിധിയിൽ 99 റേഷൻ ഷോപ്പുകളിലും). ഈ രണ്ടു പദ്ധതികളും നടപ്പിലാക്കിയ റേഷൻ ഷോപ്പുകളിൽ ആയത് സുഗമമായും, പരാതിരഹിതമായും നടന്നു വരുന്നുണ്ട്.<br><br>കെ-സ്റ്റോർ, സുജലം എന്നീ പദ്ധതികൾക്ക് തുക അനുവദിച്ചു നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ